ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/10/2017*
*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*

# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**






- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക–ദാർശനിക മാസിക**

**DAYANANDA SANDESAM**



ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 6 ലക്കം 4

വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ആശ്വിനം – കാർത്തികം
1193 കന്നി – തുലാം 2017 ഒക്ടോബർ

വാർഷിക വരിസംഖ്യ: ₹**100/-** ദീർഘകാലം: ₹**1500/-**



## ശ്യാംജി കൃഷ്ണവർമ്മ (1857 – 1930)

**<u>ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കേണ്ട പ്രധാന ദിനങ്ങൾ</u>**

| | | |
|---|---|---|
| ഒക്ടോബർ 2 | : | ഗാന്ധിജയന്തി |
| ഒക്ടോബർ 4 | : | ശ്യാംജി കൃഷ്ണവർമ്മ ജന്മദിനം |
| ഒക്ടോബർ 18 | : | ദീപാവലി (ഋഷിനിർവ്വാണ ദിനം) |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

## മണ്ഡലം 1 സൂക്തം 7



**മധുച്ഛന്ദാഃ ഋഷിഃ ഇന്ദ്രോദേവതാ ഗായത്രീച്ഛന്ദഃ ഷഡ്ജഃ സ്വരഃ**

**ഇന്ദ്രം വയം മഹാധന ഇന്ദ്രമര്ഭേ ഹവാമഹെ।**
**യുജം വൃത്രേഷു വജ്രിണമ്॥**
**(ഋഗ്വേദം 1.7.5)**

**പദാർത്ഥം :-** നമ്മൾ (മഹാധനേ) വലിയ വലിയ യുദ്ധസമയത്തും (ഇന്ദ്രമ്) പരമേശ്വരനെ (ഹവാമഹെ) അധികം സ്മരിച്ചുകൊണ്ടിരിക്കുന്നു. അതേപോലെ(അര്ഭേ) ചെറിയ ചെറിയ യുദ്ധകാലത്തും ഇപ്രകാരം (വജ്രിണമ്) കിരണങ്ങളുള്ള (ഇന്ദ്രമ്) സൂര്യൻ അഥവാ ജലത്തോടുകൂടിയ വായുവോടുകൂടിയ (വൃത്രേഷു) മേഘങ്ങളുടെ അംഗങ്ങളിൽ (യുജമ്) ഉണ്ടാവുന്ന ഇവയുടെ പ്രകാശവും ഗമനാഗമനാദി ഗുണങ്ങളുടേതിന് സമാനമായ വിദ്യ - ന്യായ പ്രകാശവും ദൂതൻമാർ മുഖേന രാജ്യത്തിന്റെ എല്ലായിത്തുമുള്ള വർത്തമാനങ്ങൾ അറിയുക തുടങ്ങിയ ഗുണങ്ങളുടെ ധാരണവും എല്ലാ ദിവസവും നടത്തുന്നു.

**ഭാവാർത്ഥം :-** ഈ മന്ത്രത്തിൽ ശ്ലേഷാലങ്കാരമാണ് . വലിയ വലിയ യുദ്ധങ്ങളിലും ചെറിയ സംഗ്രാമങ്ങളിലും ഈശ്വരൻ സർവ്വവ്യപകനും രക്ഷനൽകുന്നവനാണെന്നും മാനിച്ച് ധർമ്മത്തോടെയും ഉൽസാഹത്തോടെയും ദുഷ്ടൻമാരുമായി യുദ്ധം ചെയ്താൽ മനുഷ്യർക്ക് അചലമായ വിജയം കൈവരും. അതേപോലെ എങ്ങനെയാണോ ഈശ്വരൻ സൂര്യന്റേയും പവനന്റെയും നിമിത്തത്താൽ മഴ തുടങ്ങിയവയാൽ ലോകത്ത് അത്യന്ത സുഖത്തെ നൽകുന്നത്, അതേപോലെ മനുഷ്യരും പദാർത്ഥങ്ങളെ നിമിത്തമാക്കി കാര്യസിദ്ധി നേടണം.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**
**തജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദ സന്ദേശം വരിക്കാരുടെ ശ്രദ്ധക്ക്

**കഴിഞ്ഞ അഞ്ചുവർഷത്തിലധികമായി കടുത്ത സാമ്പത്തിക പരാധീനതകളിലൂടെയാണ് മാസിക മുടങ്ങാതെ പ്രസിദ്ധീകരിച്ചു വരുന്നത്. അച്ചടിച്ചിലവും മറ്റും ക്രമാതീതമായി വർദ്ധിച്ചതിനാൽ മാസികയുടെ വരിസംഖ്യ പുതുക്കി നിശ്ചയിക്കേണ്ടി വന്നിരിക്കുന്നു. വാർഷിക വരിസംഖ്യ 100/- രൂപയായും ദീർഘകാല വരിസംഖ്യ 1500/- രൂപയുമായിരിക്കും. വായനക്കാരുടെ അകമഴിഞ്ഞ സഹകരണം തുടർന്നും ഉണ്ടാവണമെന്നഭ്യർത്ഥിക്കുന്നു.**

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ഓണോഘോഷവും സാമൂഹ്യസമരസതാ ദിനാചരണവും



വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ കാറൽമണ്ണവേദഗുരുകുലത്തിൽ ഓണാഘോഷവും സാമൂഹ്യസമരസതാ ദിനാചരണവും നടന്നു. കോഴിക്കോട് കശ്യപ വേദാ റിസേർച്ച് ഫൗണ്ടേഷൻ അദ്ധ്യക്ഷനും പ്രശസ്തവേദ പ്രചാരകനുമായ ആചാര്യ എം.ആർ.രാജേഷ് മുഖ്യാതിഥിയായിരുന്നു. വേദഗുരുകുലം കുലപതി ഡോ.പി.കെ.മാധവൻ, അധ്യക്ഷൻ വി.ഗോവിന്ദദാസ്, അധിഷ്ഠാതാ കെ.എം.രാജൻ, വേദപ്രചാരക് ഗോവിന്ദപ്രസാദ്, എസ്. ശ്രീധരശർമ്മ എന്നിവരും കാര്യപരിപാടികളിൽ സംസാരിച്ചു. ഓണത്തിന്റെ വൈദികകാഴ്ചപ്പാടും സാമൂഹ്യപ്രസക്തിയും സ്പഷ്ടമാക്കുന്ന പ്രഭാഷണങ്ങളും ബ്രഹ്മചാരികളുടെ കലാ പ്രദർശനവും നടന്നു. ഓണസദ്യയുമുണ്ടായിരുന്നു.

## വേദഗുരുകുലത്തിലേക്ക് പ്രവേശനം ആരംഭിച്ചു

വെള്ളിനേഴിആര്യസമാജത്തിന്റെ നേതൃത്വത്തിൽ വേദപ്രചാരകരെ വാർത്തെടുക്കുന്നതിനായി കാറൽമണ്ണയിൽ പ്രവർത്തിക്കുന്ന വേദഗുരുകുലത്തിൽ (പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയം) 2017 ഡിസംബർ 25 ന് ആരംഭിക്കുന്ന പുതിയ ബാച്ചിലേക്ക് ഹ്രസ്വകാല / ദീർഘകാല കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു. പത്താംതരം പാസ്സായവരും വൈദിക വിഷയങ്ങളിൽ അഭിരുചി ഉള്ളവരും ധർമ്മപ്രചാരണത്തിൽ പങ്കാളികളാവാൻ സന്നദ്ധതയുള്ളവരുമായ തിരഞ്ഞെടുക്കപ്പെട്ട ഏതാനും ആൺകുട്ടികൾക്കാണ് പ്രവേശനം നൽകുക. വൈദികസാഹിത്യം (വേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ) അഷ്ടാദ്ധ്യായി വ്യാകരണം, നിരുക്തം, ഛന്ദഃശാസ്ത്രം, വേദാംഗ ജ്യോതിഷം, യോഗപ്രണായാമം, ഷോഡശസംസ്കാരങ്ങൾ നടത്തുന്നതിനുള്ള പരിശീലനം എന്നിവർക്കു പുറമേ മതങ്ങളുടെ താരതമ്യ പഠനം, കമ്പ്യൂട്ടർ പരിജ്ഞാനം, ശാസ്ത്രാർത്ഥം (മത സംവാദങ്ങൾ) നടത്തുന്നതിനുള്ള പരിശീലനം, ആയോധനകലകൾ എന്നിവയും പാഠ്യവിഷയങ്ങളായിരിക്കും.

പ്രവേശന പരീക്ഷക്കും അഭിമുഖത്തിനും ശേഷം യോഗ്യരാണെന്ന് ബോദ്ധ്യപ്പെട്ടവർക്ക് മാത്രമേ പ്രവേശനം നൽകുകയുള്ളൂ. പഠനം, താമസം എന്നിവ സൗജന്യമായിരിക്കും. പഠനശേഷം ഇവർ ധർമ്മപ്രചാര പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന നിബന്ധനയുമുണ്ട്. ഗുരുകുലത്തിലെ വ്യാവഹാരിക ഭാഷ സംസ്കൃതമായിരിക്കും. ബ്രഹ്മചാരികൾ ഗുരുകുലത്തിൽ തന്നെ താമസിച്ചു പഠിക്കണം. ഇടക്കാലത്ത് പുറത്ത് പോകാൻ അനുവാദമുണ്ടായിരിക്കില്ല. പഠനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രശസ്തിപത്രവും വൈദിക ബിരുദങ്ങളും നൽകും. വർണ്ണ/വർഗ്ഗ ഭേദമന്യേ വേദജിജ്ഞാസുക്കളായ യോഗ്യരായ ആർക്കും പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കും. താത്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9562529095, 9497127923, 9446017440

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർദളം – ബാലപംക്തി**

**ആര്യവീരഗാഥ – 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**വി**ക്രമിസംവത്സരം 1940 ൽ (1883 A.D) മഹർഷി ദയാനന്ദൻ ഇഹലോകവാസം വെടിഞ്ഞു. സ്വാമിജിയുടെ നിര്വാണം ലേഖ്റാമിൽ ആഴത്തിലുള്ള ചലനങ്ങളുണ്ടാക്കി. ലോകത്തെ മുഴുവൻ വൈദികധർമ്മപതാകക്കുകീഴെ അണിനിരത്തുക എന്നത് തന്റെ കർത്തവ്യമായദ്ദേഹം കണ്ടു. ഇക്കാര്യത്തിനായി അദ്ദേഹം സ്വയം സമർപ്പിച്ചു. ആര്യജാതി (ഹിന്ദു) യെ വിധർമ്മികളുടെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുത്തുകയും ആര്യസമാജത്തിനെയിരായ ആക്ഷേപങ്ങൾക്ക് മറുപടി നൽകുകയും തന്റെ നിത്യകർമ്മമായദ്ദേഹം തീരുമാനിച്ചു. മിർസാഗുലാം മുഹമ്മദ് എഴുതിയ 'ബുരാഹീൻ അഹമ്മദീയ' എന്ന ഗ്രന്ഥം അദ്ദേഹത്തിന് ആരിൽ നിന്നോ ലഭിച്ചു. ഇതിൽ ആര്യസമാജത്തിനെതിരെ വിഷം വമിക്കുന്നുണ്ടായിരുന്നു. പണ്ഡിറ്റ് ലേഖ്റാം ഈ പുസ്തകത്തിന് ഉരുളക്കുപ്പേരിപോലുള്ള ഒരു മറുപടിയുണ്ടാക്കികൊടുത്തു. 'യവനമതസമീക്ഷ' എന്നപേരിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു.

മിർസാ ഗുലാം ഒരു പരസ്യം പ്രസിദ്ധപ്പെടുത്തി. ഏതെങ്കിലും ഒരു വ്യക്തി കാദിയാനിൽ ഒരു വർഷത്തോളം വന്ന് താമസിച്ച് തന്റെ അത്ഭുതപ്രവർത്തികളെ കണ്ടറിഞ്ഞാൽ അയാളൊരിക്കലും യവന (ഇസ്ലാം) മതാനുയായിത്തീരാതിരിക്കില്ല എന്നായിരുന്നു പരസ്യം. ഇത് കേട്ടറിഞ്ഞ ലേഖ്റാം ഉടൻ കാദിയാനിൽ പാഞ്ഞെത്തി. അദ്ദേഹത്തെ ഒരു ദിവസംപോലും അവിടെവെച്ചു പൊറുപ്പിക്കാൻ മിർസാഗുലാമിന് കഴിഞ്ഞില്ല. മിർസയുടെ വാദങ്ങളെല്ലാം ലേഖ്റാം അനായാസം ഖണ്ഡിച്ചുകളഞ്ഞു. മാത്രവുമല്ല, കാദിയാനിൽ അദ്ദേഹം ഒരു ആര്യസമാജം സ്ഥാപിക്കുകയും ചെയ്തു. വിഷ്ണുദാസ് എന്നൊരു ഹിന്ദു യുവാവിനോട് അയാൾ ഒരുവർഷത്തിനുള്ളിൽ ഇസ്ലാംമതം സ്വീകരിച്ചില്ലെങ്കിൽ മരണപ്പെടുമെന്ന് ഭയപ്പെടുത്തി. ഇക്കാര്യം ഒരു കമ്പി സന്ദേശത്തിലൂടെ ലേഖ്റാമിനു ലഭിച്ചു. ലേഖ്റാം ഉടൻ അവിടെയെത്തി വിഷ്ണുദാസിനെ ആര്യസമാജമഹത്ത്വം പറഞ്ഞു മനസ്സിലാക്കി. അയാളൊരു ആര്യസമാജികനായിതീർന്നു. ആര്യസമാജത്തിന്റെ ശക്തമായ പ്രചാരണത്താൽ ക്രമേണ സാധാരണക്കാർപോലും മിർസയുടെ പൊള്ളത്തരം മനസ്സിലാക്കി. മിർസ 'സുർമാ ചശ്മ് ആരിയ' എന്നൊരു പുസ്തകമെഴുതി. ഇതിനുമറുപടിയായി ലേഖ്റാം 'നുസ്ഖാ ഖബ്ര് അഹമ്മദീയ' എന്ന പേരിൽ ഒരു പുസ്തകം പുറത്തിറക്കി. പണ്ഡിറ്റ് ലേഖ്റാം പ്രചാരണത്തിനായി ലാഹോറിയിലെത്തി. അവിടെവെച്ചദ്ദേഹം സംസ്കൃത വ്യാകരണം നന്നായഭ്യസിച്ചു. തുടർന്നദ്ദേഹം വൈദിക സാഹിത്യങ്ങൾ ഗാഢമായി പഠിച്ചു. ക്രിസ്തുമതത്തിന്റെ മേന്മകൾ പറഞ്ഞ് 'ഖഡക്സിങ്' എന്ന പാതിരി ആറു പ്രഭാഷണങ്ങൾ നടത്തിയിരുന്നു. അതിനു മറുപടിയായി അദ്ദേഹം ലഘുസാഹിത്യങ്ങൾ പുറത്തിറക്കി. ഫിറോസ്പൂരിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ആര്യ ഗസറ്റ്'എന്ന പത്രത്തിന്റെ പത്രാധിപരായും അദ്ദേഹം പ്രവർത്തിച്ചു. ആര്യസമാജത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം സദാവ്യാപൃതനായിത്തീർന്നു. (തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 6** **ലക്കം 4**

**വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ആശ്വിനം – കാർത്തികം**
**1193 കന്നി – തുലാം 2017 ഒക്ടോബർ**

**രക്ഷാധികാരി**
സ്വാമി അശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| വേദപ്രകാശം പാഠാവലി | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 14 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

## വേദങ്ങൾ അപൗരുഷേയമോ?

*(തുടർച്ച)*



**ത**ഥാപി സ്തുതിരേവ ഭവതി നാശീർവാദഃ। 'ഇന്ദ്രസ്യ നു വീര്യാണി പ്രവോചമ്' ഇതി യഥൈതാസ്മിൻ സൂക്തേ। അഥാപ്യാശിരേവ ന സ്തുതിഃ। 'സുചക്ഷാ അഹമക്ഷീഭ്യാം സുവർചാ മുഖേന ശുശ്രുത് കർണ്ണാഭ്യാം ഭൂയാസാമ്' ഇതി। തദേതദ് ബഹുലാ ഭാധ്വര്യവേ യാജ്ഞേഷു ച മന്ത്രേഷു। അഥാപി ശപഥാഭിശാപൗ। 'അദ്യാ മുരീയ യദി യാതുധാനോ അസ്മി', 'അധാസവീരൈർദശഭിർവിയൂയാ', ഇതി। അഥാപി കസ്യചിദ് ഭാവസ്യാചിഖ്യാസാ। 'ന മൃത്യുരാസീദമൃതം ന തർഹി', 'തമ ആസീത് തമസാ ഗൂളഹമഗ്രേ' ഇതി। അഥാപിപരിദേവനാ കസ്മാച്ചിദ് ഭാവാത്। 'സുദേവോ അദ്യ പ്രപതേദനാവൃത്", 'ന വിജാനാമി യദി വേദമസ്മി' ഇതി। അഥാപി നിന്ദാ പ്രശംസേ। 'കേവലാഘോ ഭവതി കേവലാദി', 'ഭോജസ്യേദം പുഷ്കരിണീവവേശ്മ' ഇതി। ഏവമക്ഷസൂക്തേ ദ്യൂതനിന്ദാ കൃഷിപ്രശംസാ ച। ഏവമുച്ചാവചൈരഭിപ്രായൈഋഷീണാം മന്ത്രദൃഷ്ടയോ ഭവന്തി"। (നിരുക്തം 7.3)

1. **സ്തുതി** – ചില മന്ത്രങ്ങളിൽ കേവലം സ്തു

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

തിമാത്രമാണുള്ളത്. ആശീഃ (പ്രാർത്ഥന) ഇല്ല. 'ഇന്ദ്രസ്യനു വീര്യാണി പ്രവോചമ്' (ഋഗ്വേദം 1.32.1)|ഈ സൂക്തത്തിൽ മുഴുവനും സ്തോതാവ് വീരതാപൂർണ്ണ കർമ്മത്താൽ ഉള്ള വർണ്ണനയാൽ ഇന്ദ്രനെ സ്തുതിക്കുന്നു. അതിൽ തനിക്കായുള്ള യാചനകൾ ഒന്നുമില്ല.

**2. ആശിഃ –** ചില മന്ത്രങ്ങളിൽ കേവലം ആശിഃ (പ്രാർത്ഥന) മാത്രമേയുള്ളു. സ്തുതിയില്ല. "സുചക്ഷാ അഹമക്ഷീഭ്യാം സുവർച്ചാ മുഖേന സുശ്രുത് കർണ്ണാഭ്യാം ഭൂയാസമ് (ഈ വാക്യം മാനവ ഗൃഹ്യസൂത്രം 1.9.25 ൽ വരുന്നതാണ്. അൽപ്പം വ്യത്യാസത്തോടെ ആശ്വാലായന ഗൃഹ്യസൂത്രം 3.6.7 ലും പാരസ്കര ഗൃഹ്യസൂത്രം 2. 6.19 ലും കാണുന്നുണ്ട്. വേദങ്ങളുടെ ലുപ്തമായ ഏതോ ശാഖകളിൽ നിന്നെടുത്തതാവണം ഇവ). ഇവിടെ കണ്ണുകൾകൊണ്ട് നന്നായി കാണാനും മുഖത്താൽ നല്ല ചർച്ചകൾ ചെയ്യാനും കാതുകളാൽ നല്ല വണ്ണം കേൾക്കാനുമായുള്ള പ്രാർത്ഥനയാണിത്. ഒരു ദേവതയുടേയും സ്തുതി ഇതിലില്ല. ഈ ശൈലി യജുർവ്വേദത്തിലും യജ്ഞ സംബന്ധിയായ മന്ത്രങ്ങളിലും കാണാം.

**3. ശപഥം –** ഏതുമന്ത്രങ്ങളായാലും ശപഥമാവാം. ശപഥമെന്നതു കൊണ്ടുദ്ദേശിക്കുന്നത് താൻ ഇന്ന വിഷയത്തിൽ കുറ്റക്കാരനല്ലാ ഇനി ആണെങ്കിൽ ഇന്ന അനിഷ്ടം എനിക്കുണ്ടാവട്ടെ എന്ന് ദൃഢമായി പറയുകയാണ്. 'അദ്യാ മുരീയ യദി യാതുധാനോ അസ്മി' (ഋഗ്വേദം 7.204.15), ഞാൻ രാക്ഷസനാവുകയാണെങ്കിൽ ഇപ്പോൾതന്നെ മരിച്ചുപോകട്ടെ.

**4. അഭിശാപം –** ചില മന്ത്രങ്ങളിൽ അഭിശാപമാണുള്ളത് 'അധാ സ വീരൈർദശാഭിർവയൂയായോ മാ മോഘം യാതുധാനേത്യാഹ' (ഋഗ്വേദം 7.204.15)|ആരാണൊ എന്നെ പിശാചെന്നു പറയുന്നത് അയാൾ തന്റെ പത്തു പുത്രന്മാരിൽനിന്നും വേർപെട്ടുപോകട്ടെ.

**5. ഭാവാചിഖ്യാസാ –** ഏതെങ്കിലും ഭാവത്തെകുറിച്ച് വിവരിക്കുന്നത്. ഉദാഹരണത്തിന് ഋഗ്വേദത്തിലെ നാസദീയ സൂക്തത്തിൽ സൃഷ്ടിക്കുമുമ്പുള്ള അവസ്ഥയെകുറിച്ചു വർണ്ണിക്കുന്ന ഭാഗം.

**6. പരിദേവന –** പരിദേവന അഥവാ സ്വന്തം അവസ്ഥയിൽ സന്തുഷ്ടനാവാതെ വിലപിക്കുക. ഋഗ്വേദത്തിലെ പുരൂരവസ് - ഉർവ്വശി സംവാദത്തിൽ ഉർവ്വശി നിരന്തരം അനുനയ-വിനയത്തോടെ സമീപിച്ചിട്ടും പുരൂരവസ് അവരുടെ അടുത്തു ചെല്ലാൻ തയ്യാറാകുന്നില്ല. അപ്പോൾ ആ വിരഹത്തിൽനിന്ന് വിലാപമുണ്ടാവുന്നു. ഇതിലും ഭേദം താൻ പർവ്വതങ്ങളിൽ നിന്നോ മറ്റോവീണ് ആത്മഹത്യ ചെയ്യുക തുടങ്ങിയവ. 'സുദേവോ അദ്യ പ്രപദേദനാവൃത് (ഋഗ്വേവേദം 10.95.14)| ഇപ്രകാരം മനുഷ്യർ തങ്ങളെ അജ്ഞാനാവസ്ഥയിൽ സന്തുഷ്ടനാകാതെ പരിദേവനം ചെയ്യുന്നു. താൻ ആരാണെന്ന്പോലും അറിയുന്നില്ല. 'ന വിജാനാമി യദി വേദമസ്മി' (ഋഗ്വേദം 1.164.37)

**7. നിന്ദ –** ചില മന്ത്രങ്ങളിൽ പാപം തുടങ്ങിയ ഏതെങ്കിലും നിന്ദാവചനങ്ങൾ വരുന്നുണ്ട്. അതായത് മറ്റാർക്കും നൽകാതെ സ്വയം ഭക്ഷിക്കുന്നവൻ പാപിയായി തീരുന്നു. 'കേവലാഘോ ഭവതി കേവലാദി' (ഋഗ്വേദം 10.117.6)|ഇപ്രകാരം അക്ഷസൂക്തത്തിൽ ചൂതുകളിയെ നിന്ദിക്കുന്നുണ്ട്.

**(തുടരും)**

**പത്രാധിപർ**





***(മുൻ ലക്കത്തിന്റെ തുടർച്ച)***

# വേദങ്ങളെ അറിയുക

**ഡോ. വിവേക് ആര്യ**
**തർജ്ജമ: കെ. എം. രാജൻ**

"**ഞാ**ൻ വേർതിരിച്ചറിവുള്ള മനുഷ്യരോട് പറയുന്നു. നീ സാധുമൃഗമായ പശുവിനെ കൊല്ലരുത്. അവൾ അദിതിയാണ് വെട്ടിമുറുക്കപ്പെടേണ്ടവൾ അല്ല (ഋഗ്വേദം 8.101.5)."

"ആ ദേവിയായ പശുവിനെ അൽപ്പബുദ്ധികളായ മനുഷ്യർ വെട്ടികൊല്ലരുത് (ഋഗ്വേദം 8.101.16)."

" നിരപരാധികളുടെ ഹത്യ വളരെ ഭയങ്കരമാണ്. അതിനാൽ നീ ഞങ്ങളുടെ പശുക്കൾ, കുതിരകൾ, മനുഷ്യർ എന്നിവരെ കൊല്ലരുത് പശുക്കളെ കശാപ്പുശാലകളിലേക്കയ്ക്കരുത് (ഋഗ്വേദം 6. 28.4). പശുവിനെ കൊല്ലരുത് (യജുർവേദം 13.43)

പട്ടിയുടേയോ പശുവിന്റേയോ അംഗങ്ങളാൽ യജ്ഞം ചെയ്യുന്നവർ വിഡ്ഢികളാണ് (അഥർവ്വവേദം 7.5.5).

ഇതിനുപുറമേയും വേദങ്ങളിൽ അനേകം മന്ത്രങ്ങളിൽ ഗോരക്ഷ നടത്താൻ പറയുന്നുണ്ട്. വേദങ്ങളിൽ പശുസംരക്ഷണത്തിനായി ഇത്രയൊക്കെയുള്ളപ്പോൾ യജ്ഞത്തിൽ പശുഹിംസയുണ്ടെന്ന് വേദങ്ങൾ അനുശാസിക്കുന്നുവെന്ന് പറയുന്നത് എത്രകണ്ട് തെറ്റാണെന്ന് വായനക്കാർ സ്വയം വിലയിരുത്തുക.

**ചോദ്യം 14: പശുക്കളെ കൊല്ലുന്നവരെ എന്തു ചെയ്യണമെന്നാണ് വേദങ്ങൾ പറയുന്നത്?**

ഉത്തരം: ഗോഹത്യ നടത്തുന്നവർക്കെതിരെ കഠിനമായ ശിക്ഷ നടപ്പാക്കണമെന്നാണ് വേദങ്ങൾ പറയുന്നത്. യജുർവ്വേദം 30-18 ൽ പറയുന്നത് അത്തരക്കാർക്ക് വധശിക്ഷ നൽകണമെന്നാണ്. "അല്ലയോ പശു! നീ പ്രജകളാൽ സമ്പന്നയായി നല്ല പുൽമേടുകളിൽ മേഞ്ഞാലും. ശുദ്ധമായ ജലാശയങ്ങളിൽനിന്ന് സുഖപൂർവ്വം വെള്ളം കുടിച്ചാലും. കള്ളനും കൊലപാതകിയും നിന്റെ യജമാനൻമാരാകാതിരിക്കട്ടെ. ക്രൂരപുരുഷന്മാരുടെ ആയുധങ്ങളും നിനക്കുമേൽ പതിക്കാതിരിക്കട്ടെ"(അഥർവ്വവേദം 4.21.7)

ഗോഹത്യനടത്തുന്നവരെക്കുറിച്ച് അഥർവ്വവേദം 1.16.4 ൽ സപഷ്ടമായി പറയുന്നത് നോക്കുക. 'നീ ഞങ്ങളുടെ പശു, കുതിര എന്നിവയെ കൊല്ലകയാണെങ്കിൽ കുപ്പിച്ചില്ലുകളുടെ വെടിയുണ്ടകളാൽ നിന്നെ ഞങ്ങൾ പറത്തിക്കളയും." ഗോഹത്യനടത്തുന്നവരെ വധശിക്ഷക്കു വിധേയരാക്കാൻ വേദങ്ങൾ നിർദ്ദേശിച്ചിട്ടും മദ്ധ്യകാലഘട്ടത്തിൽ യജ്ഞത്തിൽ പശുബലിയുണ്ടാവാൻ കാരണം രാജാക്കന്മാർക്ക് സംസ്കൃതത്തിന്റേയും വേദങ്ങളുടേയും പരിജ്ഞാനം ഇല്ലാതായതിനാലാണ്. ശിക്ഷ നൽകേണ്ട ചുമതല രാജാക്കന്മാരുടേയാണ്. ഗോഹത്യ നടത്തുന്നവർക്ക് എന്ത് ശിക്ഷ നൽകണമെന്ന് അവരെ പഠിപ്പിച്ചില്ലെങ്കിൽ എങ്ങനെയാണീ രാജാക്കന്മാർ ശിക്ഷാവിധികൾ നടപ്പാക്കുക. മറിച്ച് ഹോമത്തിൽ ബലി നൽകപ്പെടുന്ന പശുവിന് സ്വർഗ്ഗം ലഭിക്കുമെന്ന് പ്രചരിപ്പിക്കപ്പെടുകയും ചെയ്തു!

അതിനാൽ യജ്ഞത്തിൽ പശുഹിംസ നടത്തണമെന്ന തരത്തിലുള്ള ഒരു നിർദ്ദേശവും വേദങ്ങളില്ല. വേദാർത്ഥത്തെ തെറ്റായി വ്യാഖ്യാനിച്ച് ആരെങ്കിലും വല്ലതും ചെയ്യുന്നുവെങ്കിൽ അത് തള്ളിക്കളയുകയാണ് വേണ്ടത്. വാമമാർഗ്ഗികളുടെ പ്രഭാവത്തിനടിപ്പെട്ട് ഏതാനും ഭാരതീയരും, വേദങ്ങളെക്കുറിച്ച് ഭാരതീയർക്കുള്ള ഭക്തി ഇല്ലാതാക്കാനായി വിദേശീയരായ പണ്ഡിതന്മാരും വേദങ്ങൾ മാംസഭക്ഷണത്തെ അംഗീകരിക്കുന്നുവെന്ന് പറഞ്ഞുപരത്തി. ഈ ഗൂഢാലോചനയെ ദീർഘദൃഷ്ടിയിലൂടെ കണ്ടറിഞ്ഞ മഹർഷി ദയാനന്ദസരസ്വതി അവയെ തള്ളിക്കളയാനായി വേദങ്ങളുടെ ഉചിതമായ ഭാഷ്യം രചിച്ചു. അതിനാൽ നമ്മളെല്ലാം മഹർഷി ദയാനന്ദനോട് കടപ്പാടുള്ളവരായിരിക്കണം.

(തുടരും)

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## വിദ്യാർത്ഥികളുടെ ദോഷങ്ങൾ

**ആലസ്യം മദമോഹൗച ചാപല്യം ഗോഷ്ഠിരേവ ച|**
**സ്തബ്ധതാ ചാഭിമാനിത്വം തഥാƒ ത്യാഗിത്വമേവ ച|**
**ഏതേ വൈ സപ്തദോഷാഃ സ്യുഃ സദാവിദ്യാർത്ഥിനാം മതാഃ||**
**സുഖാർത്ഥിനഃ കുതോവിദ്യാ നാസ്തി വിദ്യാർത്ഥിനഃ സുഖമ്|**
**സുഖാർത്ഥി വാത്യജേത് വിദ്യം വിദ്യാർത്ഥീവാത്യജേത് സുഖമ്||**

ആലസ്യം, അഹങ്കാരം, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുക, മൂഢത, ചപലത, അനാവശ്യ സംസാരം, ഉത്സാഹരാഹിത്യം, ചിലപ്പോൾ പഠിക്കുകയും മറ്റുചിലപ്പോൾ പഠിക്കാതിരിക്കുകയും, അത്യാഗ്രഹവും ദുരഭിമാനവും ഈ ഏഴുദോഷങ്ങൾ വിദ്യാർത്ഥികളുടെ പഠനത്തിന് വിരോധികളാണ്. എന്തെന്നാൽ സുഖമാഗ്രഹിക്കുന്നവർക്ക് വിദ്യ എവിടെനിന്ന് ലഭിക്കാനാണ്? ആരുടെ മനസ്സാണോ പഠിക്കാൻ വെമ്പൽകൊള്ളുന്നത് അയാൾക്ക് വിഷയസുഖങ്ങൾ എങ്ങനെയുണ്ടാവാനാണ്? അതിനാൽ വിഷയസുഖങ്ങൾ ആഗ്രഹിക്കുന്നവർ വിദ്യ ഉപേക്ഷിക്കുകയും വിദ്യആഗ്രഹിക്കുന്നവർ തീർച്ചയായും വിഷയസുഖങ്ങളെ പരിത്യജിക്കുകയും വേണം. അല്ലെങ്കിൽ പരമധർമ്മമായ വിദ്യ പഠിക്കുകയൊ പഠിപ്പിക്കുകയൊ സാധ്യമല്ല. ഈ ശ്ലോകവും മഹാഭാരതത്തിലെ വിദുരനീതിയിലുള്ളതാണ്.

(അദ്ധ്യായം - 39)

## ബ്രഹ്മചര്യം

**ചോദ്യം: ആരാണ് സർവ്വവിദ്യകളും പഠിക്കാൻ യോഗ്യരായിട്ടുള്ളത്?**

ഉത്തരം:

**ബ്രഹ്മചര്യസ്യ ച ഗുണം ശൃണു ത്വം വസുധാധിപ |**
**ആ ജന്മമരണാദ്യസ്തു ബ്രഹ്മചാരീ ഭവേദിഹ||1||**
**നതസ്യകിഞ്ചിദപ്രാപ്യമിതി വിദ്ധി നരാധിപ|**
**ബഹ്വ്യഃ കോട്യസ്തവൃഷീണാം ച ബ്രഹ്മലോകെ വസന്ത്യുത ||2||**
**സത്യേരതാനും സതതം ദാന്താനാമൂർദ്ധ്വരേതസാമ്|**
**ബ്രഹ്മചര്യം ദഹേദ്രാജൻ സർവ്വപാപാന്യു പാസിതമ് ||3||**

ഭീഷ്മർ യുധിഷ്ഠിരനോട് പറയുന്നു. "അല്ലയോ രാജൻ അങ്ങ് ബ്രഹ്മചര്യത്തിന്റെ ഗുണങ്ങളെ കേട്ടാലും. ഈ ലോകത്തിൽ ജനനം മുതൽ മരണപര്യന്തം ബ്രഹ്മചര്യം പാലിക്കുന്നവന് അപ്രാപ്യമായ സദ്ഗുണങ്ങൾ ഒന്നും തന്നെയില്ല. ബ്രഹ്മചര്യത്തിന്റെ പ്രതാപം കാരണം അനേകകോടി ഋഷിമാർ ബ്രഹ്മലോകത്തിൽ- സർവ്വാനന്ദസ്വരൂപമായ പരമാത്മാവിൽ വസിക്കുകയും ഈ ലോകത്തിലും അനേകം സുഖങ്ങൾ നേടുന്നുമുണ്ട്.

നിരന്തരം സത്യത്തിൽ ഉറച്ചുനിൽക്കുകയും ജിതേന്ദ്രിയരും ശാന്താത്മാക്കളും ഉൽകൃഷ്ടരും ശുഭഗുണ സ്വഭാവ യുക്തരായവരും രോഗരഹിതരും ആരോഗ്യ ദൃഢഗാത്രരും ബ്രഹ്മചര്യം (വേദാദിസത്യ ശാസ്ത്രങ്ങളേയും പരമാത്മാവിനേയും ഉപാസിക്കുന്നവർ) പാലിക്കുന്നവരുമായവർ അവരുടെ ശ്രേഷ്ഠഗുണങ്ങളാൽ ദുർഗുണങ്ങളേയും ദുഃഖങ്ങളേയും ഇല്ലാതാക്കി സർവ്വോത്തമ ധർമ്മയുക്തമായ കർമ്മങ്ങളാൽ സർവ്വസുഖങ്ങളേയും നേടുന്നു. അത്തരക്കാരുടെ സേവനങ്ങളിലൂടെ മാത്രമേ ഉത്തമാദ്ധ്യാപകരും ഉത്തമവിദ്യാർത്ഥികളും ഉണ്ടാവുകയുള്ളു.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അഥ വേദോൽപ്പത്തി വിഷയഃ

മഹാപ്രളയത്തിനുശേഷം ഋഷിമാരുടെ ഹൃദയത്തിൽ പരമേശ്വരൻ വേദം പ്രകടിപ്പിക്കുന്നു. അവാന്തരപ്രളയത്തിനുശേഷം 'സുപ്തബുദ്ധന്യായ' മനുസരിച്ച് വേദങ്ങളുടെ പ്രകാശനം നടക്കുന്നു. അതായത് മനുഷ്യർ ഏതൊരു ജ്ഞാനവുമായാണ് രാത്രിയിൽ ഉറങ്ങുന്നത് അതേ ജ്ഞാനവുമായാണ് അടുത്തദിവസം കാലത്തുണരുമ്പോഴും. ഇപ്രകാരം മന്വന്തരത്തിന്റെ അവസാനം ആരിലാണോ വേദജ്ഞാനമുള്ളത് ആ ജ്ഞാനം അവർക്ക് അടുത്തമന്വന്തരത്തിന്റെ പ്രാരംഭത്തിൽ സ്വയം പ്രാപ്തമാക്കുന്നു. പുനർജന്മത്തിനു തുല്യമാണ് മഹാപ്രളയത്തിന്റെ അവസ്ഥ. എങ്ങനെയാണൊ പുനർജന്മത്തിനുശേഷം മാതാപിതാക്കൾ തുടങ്ങിയവരുടെ പുതിയ അറിവുണ്ടാവുന്നത്. അതുപോലെ മഹാപ്രളയത്തിനുശേഷമുള്ള സൃഷ്ടിയുടെ ആരംഭത്തിൽ പുതിയതായി ഈശ്വരനിൽനിന്ന് ജ്ഞാനപ്രാപ്തിവേണ്ടിവരുന്നു.

**വേദോൽപ്പത്തി വിചാരം സമാപിച്ചു.**

**അദ്ധ്യായം - 3**
**അഥവേദാനാം നിത്യാനിത്യവിചാരഃ**

ഈശ്വരസ്യസകാശാദ് വേദാനമുൽപത്തൗ സത്യാം സ്വതോ നിത്യത്വമേവ (ഇഹ 'ഏവ' പദമുത്തരാന്വയി ദ്രഷ്ടവ്യമ് - നിത്യത്ത്വം ഭവത്യേവ ).ഭവതി, തസ്യ സർവ്വസമാന്യർത്ഥസ്യ നിത്യത്വാത്

**ഭാഷാർത്ഥം :-** വേദങ്ങളുടെ നിത്യത്വത്തേപ്പറ്റി ഇനി ചിന്തിക്കാം. ഈശ്വരനിൽനിന്ന് ഉൽപ്പന്നമാകയാൽ വേദങ്ങൾ സ്വതഃ നിത്യസ്വരൂപമാണ്. എന്തെന്നാൽ ഈശ്വരന്റെ എല്ലാകഴിവുകളും നിത്യമാണ്.

അത്രകേചിദാഹുഃ - ന വേദാനാം ശബ്ദമയത്വാന്നിത്യത്വം സംഭവതി| ശബ്ദോ ƒ നിത്യഃ കാര്യത്വാത്, ഘടവത്| യഥാ ഘടഃ കൃതോƒസ്തി തഥാ ശബ്ദോപി| തസ്മാഛബ്ദാനിത്യത്വേ വേദാനാമപ്യനിത്യത്വം സ്വീകാര്യമ്|മൈവമ് മന്യതാമ് | ശബ്ദോ ദ്വാവിധോ നിത്യകാര്യഭേദാത്| യേ പരമാത്മജ്ഞാനസ്ഥാഃ ശബ്ദാർത്ഥസംബന്ധാഃ (ശബ്ദഃ തദർത്ഥം. ശബ്ദാർത്ഥയോഃ സംബന്ധശ്ചേത്യഭിപ്രായഃ|) സന്തി, തേ നിത്യാഭവിതുമർഹന്തി| യേ ƒ സ്മാദീനാം വർത്തന്തെ, നേതുകാര്യാശ്ച (ചാന്നിത്യാശ്ച അയം ഭാവഃ അസ്മദ് വ്യവഹാരെ യേ വൈദികാഃ ശബ്ദാഃ പ്രയുജ്യന്തെ തേ നിത്യാഃ യേ ചാസ്മാഭിര് ദൃഛാദിരൂപേണ നിർമിതാ അർത്ഥവിശേഷേഷു പരിഭാഷിതാഃ ടി -ഘു- ഘാദയഃ സംജ്ഞാശബ്ദാസ്തേ ƒ നിത്യാഃ | ശബ്ദനിത്യാനിത്യത്വ വിഷയേ ഗ്രന്ഥകാരസ്യേദം ദർശനപൂർവ്വമസ്തി| അനേനനിത്യാനിത്യവാദിനാം വിവിധമതാനാം സമന്വയോ ഞ്ജാസാ ജായതെ|) കുതഃ? യസ്യ ജ്ഞാനക്രിയെ നിത്യേ സ്വഭാവസിദ്ധേ അനാദീസ്തഃ, തസ്യസർവ്വം സാമർത്ഥ്യമപി നിത്യമേവ ഭവിതുമർഹതി| തദ്വിദ്യാമയത്ത്വാദ് വേദാനാംനിത്യത്വനൈ ഘടതെ|

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

മഹർഷി ദയാനന്ദ സരസ്വതി
തർജ്ജമ: കെ.എം. രാജൻ




**പ**തിവ്രതകളുടെ ഹാസ്യാസ്പദമായ ഒരുദാഹരണമുണ്ട്. തന്റെ ഉപാസ്യ ദേവതയോട് ഏതെങ്കിലും പതിവ്രത അടുത്ത ജന്മത്തിലും തനിക്ക് ഇപ്പോഴത്തെ പതിയെ ലഭിക്കണമെന്ന് വരം ആവശ്യപ്പെടുകയും അത്തരം ഒരു വരം ലഭിക്കുകയുമാണെന്ന് കരുതുക. എന്നാൽ അവരുടെ ഭർത്താവ് മോക്ഷം നേടി ജനന - മരണാദികളിൽ നിന്ന് രക്ഷ പ്രാപിച്ചാൽ ഈ ദേവവരം സഫലമാവാതെ പോവില്ലെ? അതിനാൽ ഇത്തരം അവസരങ്ങളിൽ ദേവൻമാരുടെ വരദാനം എങ്ങനെയാവണമെന്ന് പറയൂ. ഇത്തരത്തിലുള്ള സംശയമുന്നയിച്ച് വിവിധ പ്രകാരത്തിലുള്ള ജനങ്ങൾ തർക്കിക്കാറുണ്ട്. ഇതിനുള്ള ഉത്തരമിതാണ്. മുക്തി നേടിയ പുണ്യാത്മാവായ പതിയുടെ സത്സംഗത്താൽ അയാളുടെ പതിവ്രതയായ പത്നി മുക്തി നേടും. പിന്നെ ദേവതകളുടെ വരദാനത്തിന് ഒരു പ്രയോജനവുമുണ്ടാവില്ല. അതിനാൽ തലതിരിഞ്ഞ ഇത്തരം ഉദാഹരണങ്ങളിലും പ്രസംഗങ്ങളിലും അകപ്പെടാത്ത ശാന്തിയോടെ മനനം നടത്തുകയാണ് നമ്മുടെ ധർമ്മം.

അവ്യക്തമായ പ്രകൃതി അഥവാ ശൂന്യത്തിൽ (ആകാശം) നിന്ന് വായു ഉൽപ്പന്നമായി. വായുവിൽനിന്ന് അഗ്നിയും അഗ്നിയിൽനിന്ന് ജലവും ജലത്തിൽനിന്ന് പൃഥിവിയും ഉൽപ്പന്നമായി. ഈ വ്യവസ്ഥകളെല്ലാം പരമാണുവിലാണ്. 60 പരമാണുക്കൾ ചേർന്നാൽ ഒരണുവായി. രണ്ടണുക്കൾ ചേർന്ന് ഒരു ദ്വയാണുവാകും. മൂന്നു ദ്വയാണുക്കൾ ചേർന്നാൽ ഒരു ത്രസരേണുവാകും. ത്രസരേണുവിന്റെ ലക്ഷണം ഇപ്രകാരമാണ്.

**ജയാന്തർഗതെ ഭാനൗ സൂക്ഷ്മം യദ് ദൃശ്യരെ രജുഃ**
**പ്രഥമം തൽ പ്രമാണാനാം ത്രസരേണു പ്രചക്ഷതെ||**
**(മനുസ്മൃതി 8.133)**

ഇത് സൃഷ്ടികാലത്തിന്റെ വ്യവസ്ഥയാണ്. പ്രളയകാലത്ത് ത്രസരേണു ദ്വയാണുവായിതീരുന്നു. ദ്വയാണുക്കൾ അണുവും അണുപരമാണുവുമായിത്തീരുന്നു. ഇത് പ്രളയ വ്യവസ്ഥയാണ് (പ്രളയ കാലത്ത് സൃഷ്ടികാലത്തിനു വിപരീതമായ മാറ്റമാണുണ്ടാവുക).

അപ്പോൾ ഈശ്വരന്റെ സാമർത്ഥ്യമാണ് പ്രകൃതി. ഉൽപ്പത്തിയുടെ സാമഗ്രിയും ഈ ജഗത്തിന്റെ ഉപാദാനകാരണവുമാണത്. ഈ സാമർത്ഥ്യം ഈശ്വരന് ഈ സൃഷ്ടിക്കുമുമ്പുമുണ്ടായിരുന്നു.

ഈ സാമർത്ഥ്യം പ്രകടമാകുമ്പോൾ സൃഷ്ടിയും, ഈശ്വരനിൽ ഇതിന്റെ ലയമുണ്ടാകുന്നത് പ്രളയവുമാകുന്നു. അത്യന്ത പ്രളയം ഇതുവരേയുണ്ടായിട്ടില്ല. വായുവരെയുള്ള പ്രളയവും ഉണ്ടായിട്ടില്ല. ജലപ്രളയവും അഗ്നിപ്രളയവുമുണ്ടായിട്ടുണ്ട്.

**തദൈക്ഷതതത്തേജോ$f$സൃജത് (തദപോ $f$ സൃജത്) തദന്ന മസൃജത് |**
**തദൈക്ഷത തദപോ$f$സൃജത് തദന്നമസൃജത് ||**

അനന്തപരമാണുക്കളുടെ സഞ്ചയമായ പഞ്ചമഹാഭൂതങ്ങൾ ഉൽപ്പന്നമാവുന്നു. അതിന്റെ ഫലമായി ഉദ്ഭിജസൃഷ്ടി (സസ്യജാലങ്ങളുടെ)യും ജീവസൃഷ്ടിയാൽ അസംഖ്യം ബീജങ്ങളും ഉണ്ടാവുന്നു. ഇതെല്ലാം ഈശ്വരശക്തിയാലാണ് സംഭവിക്കുന്നത്. അതുപോലെ പലതരത്തിലുള്ള പരമാണുക്കളുമുണ്ടാവുന്നു. ഒരുവിത്തിന് അനേകം വിത്തുകളെ ഉൽപ്പാദിപ്പിക്കാനുള്ള സാമർത്ഥ്യമുണ്ട്. ഔഷധികളിൽനിന്ന് അന്നമുണ്ടാവുന്നു. അന്നത്തിൽനിന്ന് വീര്യവും വീര്യത്തിൽനിന്ന് ശരീരവുമുണ്ടാവുന്നു.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





(മുൻ ലക്കത്തിന്റെ തുടർച്ച)

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

മദൻ രഹേജ
തർജ്ജമ: സുരി



എവിടെ ഏതു ഗൃഹത്തിൽ ജന്മം ലഭിക്കുന്നു എന്നുള്ളത് ഈശ്വരനല്ലാതെ മറ്റാർക്കും അറിയില്ല. ഈ ബ്രഹ്മാണ്ഡത്തിൽ അസംഖ്യം ലോകങ്ങളുണ്ട്. അനേകം ദേശങ്ങൾ, പട്ടണങ്ങൾ, ഗ്രാമങ്ങൾ, വനങ്ങൾ എന്നിവയെല്ലാമുണ്ട്. ഇവയിൽ രാജാവിന്റെ കൊട്ടാരത്തിലാണോ ധനികന്റെ ബംഗ്ലാവിലാണോ, ദരിദ്രന്റെ കുടിലിലാണോ അതുമല്ലെങ്കിൽ ഒരു സാധാരണക്കാരന്റെ വീട്ടിലാണോ ജന്മം ലഭിക്കുക എന്നുള്ളത് ഒരാളുടെ ജന്മാന്തര കർമ്മങ്ങളുടെ ഫലമായാണ് സംഭവിക്കുന്നത്. ഇതിന്റെയെല്ലാം വ്യവസ്ഥ ചെയ്യുന്നത് ഈശ്വരനാണ്. വെളുത്തത്, കറുത്തത്, ഉയരമുള്ളത്. ഉയരമില്ലാത്തവ, അരോഗ്യവാൻ, ദുർബ്ബലൻ തുടങ്ങി മനുഷ്യനിൽ ഏതെങ്കിലും പ്രകാരത്തിലുള്ള കുറവുകൾ തീർച്ചയായും ഉണ്ടാകും. ഇതെല്ലാം സ്വന്തം കർമ്മഫലംകൊണ്ടുതന്നെയാണ് ലഭിക്കുന്നത്. ഇതിൽ യാതൊരു ഏറ്റകുറച്ചിലുകളും ഉണ്ടാവുന്നില്ല. കാരണം മനുഷ്യൻതന്നെയാണ് സ്വന്തം ഭാഗ്യം നിശ്ചയിക്കുന്നത്. പൂർവ്വകർമ്മങ്ങളുടെ ഫലങ്ങൾ ലഭിക്കാൻ തുടങ്ങുമ്പോൾ മനുഷ്യൻ അവയെ ഭാഗ്യം, നിർഭാഗ്യം, ദുർഘടന മുതലായ പേരുകളിലൂടെ അറിയുന്നു. ജീവാത്മാവിന്റെ അനാദികാലം മുതലുള്ള ജന്മങ്ങളെക്കുറിച്ച് ഈശ്വരന് അറിയാം. ഭാവിയിൽ ഏതു ജന്മമെടുക്കുമെന്നുള്ളത് സ്വന്തം കർമ്മത്തെ ആശ്രയിച്ചിരിക്കും. കർമ്മഫലം ഈശ്വരൻ പ്രദാനം ചെയ്യുന്നു. ജീവാത്മാവ് കർമ്മം ചെയ്യുന്നതിൽ സ്വതന്ത്രനാണ്. എന്നാൽ കർമ്മഫലത്തിന് യാതൊരു അധികാരവുമില്ല. ഈശ്വരന്റെ വ്യവസ്ഥയനുസരിച്ചേ ഫലം ലഭിക്കുകയുള്ളു. എപ്രകാരമാണാ കർമ്മം അപ്രകാരം ഫലവും ലഭിക്കുന്നു.

**ചോദ്യം 66 : കാലം എന്നാൽ എന്താണ്? എന്തിനേയാണ് സമയമെന്നുപറയുന്നത്? സമയത്തെ എപ്രകാരം ഉത്തമമായി ഉപയോഗപ്പെടുത്താം?**

**ഉത്തരം:** സമയത്തിന്റെ തന്നെ മറ്റൊരു പേരാണ് കാലം. കാലത്തിന്റെ വിവിധഭാഗങ്ങൾ ഇവയാണ്. ത്രുടി, ലവം, ബോധം, നിമേഷം, ക്ഷണം, കാഷ്ഠാ, ലഘു, ഘടി, മുഹൂർത്തം, പ്രഹരം, ദിനം, രാത്രി, സപ്താഹം, പക്ഷം, മാസം, ഋതു, അയനം, വർഷം, യുഗം, മന്വന്തരം, കൽപ്പം, പരാന്തകാലം. ഇപ്രകാരമുള്ള കാലം ഒരുക്ഷണത്തിനുള്ളിൽ ജീവന്റെ സമാപ്തികുറിച്ച് ജീവന്റെ നിസ്സാരതയേയും അനിത്യതയേയും ബോധ്യപ്പെടുത്തുന്നു എങ്കിലും മനുഷ്യൻ ബോധവാനാകുന്നില്ല. ഇപ്രകാരം കാലത്താൽ വിഴുങ്ങപ്പെട്ട ജീവിതത്തിന് ഒരു ദിവസം ഈശ്വരനാമം സത്യമായിതീരുന്നു. ('രാമ നാമ് സത്യ ഹേ' എന്ന് ശവമഞ്ചം ചുമന്നു പോകുമ്പോൾ പറയുന്നത് ശ്രദ്ധിക്കുക).

നമ്മുടെ ജീവിതത്തിൽ സുഖം, ശാന്തി, ആനന്ദം തുടങ്ങിയവയുടെ പ്രകാശകിരണങ്ങളുണ്ടോ? ഇല്ലെങ്കിൽ അതിനർത്ഥം നാമിപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വഴി തികച്ചും തെറ്റാണ് എന്നാണ്. ശരിയായ വഴി അന്വേഷിക്കേണ്ടത് തികച്ചും ആവശ്യമാണ്. സുഖം, ശാന്തി, ആനന്ദം തുടങ്ങിയവ നേടുകയാണ് മനുഷ്യജീവന്റെ പരമമായ ലക്ഷ്യം. അതുകൊണ്ട് നമ്മൾ സമയത്തിന് പുറത്തേറി സവാരി ചെയ്യുകയാണ് വേണ്ടത് സമയം തള്ളിനീക്കുകയല്ല. സമയം നമ്മളേയല്ല നാം സമയത്തേയാണ് ജയിക്കേണ്ടത്.

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**തസ്മാദ്യജ്ഞാൽ സർവ്വഹുത ഋച സാമാനിജജ്ഞിരേ|**
**ഛന്ദാംസി ജജ്ഞിരേ തസ്മാദ്യജുസ്തസ്മാദജായത||**

**(യജുർവേദം 31.7)**

അർത്ഥം - അല്ലയോ മനുഷ്യരേ! നിങ്ങൾക്ക് വേണ്ടത് (തസ്മാത്) ആ പൂർണ്ണ (യജ്ഞാത്) അത്യന്തപൂജനീയ (സർവ്വഹുതഃ) അതിന്നർത്ഥം എല്ലാവരും സമസ്തപദാർത്ഥങ്ങളെ നൽകുകയും സമർപ്പണം ചെയ്യുകയും ചെയ്യുന്ന ആ പരമാത്മാവിൽനിന്ന് (ഋചഃ) ഋഗ്വേദം (സാമാനി) സാമവേദം (ജജ്ഞിരേ) ഉൽപ്പന്നമായി. (തസ്മാത്) അ പരമാത്മാവിൽനിന്ന് (ഛന്ദാംസി) അഥർവ്വവേദവും (ജജ്ഞിരേ) ഉൽപ്പന്നമായി. (തസ്മാത്) ആ പുരുഷനിൽനിന്ന് (യജുർ) യജുർവേദവും ഉൽപ്പന്നമായി. അതിനെ അറിഞ്ഞാലും.

**ഭാവാർത്ഥം: –** അല്ലയോ മനുഷ്യരെ! നിങ്ങൾ ആരിൽ നിന്നാണോ സർവ്വവേദങ്ങളും ഉൽപ്പന്നമായത്. ആ പരമാത്മാവിനെ ഉപാസിക്കൂ. വേദങ്ങൾ പഠിക്കൂ. അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ച് ജീവിച്ച് സൗഖ്യമുള്ളവരായിത്തീരൂ. (മഹർഷി ദയാനന്ദസരസ്വതിയുടെ യജുർവ്വേദഭാഷ്യം).

**സപര്യഗാച്ഛുക്രമകായമവ്രണമസ്നാവിര ശുദ്ധമപാപവിദ്ധം|**
**കവിർമനീഷീപരിഭൂഃ സ്വയംഭൂര്യാഥാതഥ്യതോ ർ ഥാൻ വ്യദധാച്ഛാശ്വതീഭ്യഃ സമാഭ്യഃ||**

**(യജുർവ്വേദം 40.8)**

**അത്:** (ഈ) പരമാത്മാവ് സർവ്വവ്യാപകനും വേഗതയേറിയവനും അനന്തബലവാനും ശുദ്ധനും സർവ്വജ്ഞനും എല്ലാവരുടേയും അന്തര്യാമിയും സർവ്വോപരി വിരജമാനനും, സനാതനനും സ്വയം സിദ്ധനുമായ പരമേശ്വരൻ തന്റെ ജീവരൂപീ സനാതനമായ അനാദിപ്രജകൾക്ക് തന്റെ സനാതനവിദ്യയാൽ യഥാവിധി അർത്ഥബോധം വേദത്താൽ നടത്തുന്നു.അദ്ദേഹം ഒരിക്കലും ശരീരധാരണം നടത്തുകയോ ജന്മമെടുക്കുകയോ ചെയ്യുന്നില്ല. അദ്ദേഹത്തിൽ കുറവുകളൊന്നും വരുന്നില്ല. നാഡി തുടങ്ങിയ ബന്ധത്തിൽ വരുന്നില്ല. പാപാചരണം ഒരിക്കലും ചെയ്യുന്നില്ല. ക്ലേശം, ദുഃഖം, അജ്ഞാനം എന്നിവ ഒരിക്കലും ഉണ്ടാവുന്നില്ല. ആ ഈശ്വരനെ എല്ലായ്പ്പോഴും സ്തുതി. പ്രാർത്ഥന, ഉപാസന എന്നിവ നടത്താൻ യോഗ്യനാണ്. മറ്റാരേയും അത്തരത്തിൽ ഉപാസിക്കരുത്.

മുകളിൽ വിവരിച്ച മന്ത്രങ്ങളിൽനിന്നും ഈ സമസ്ത ഭൗതിക-ആദ്ധ്യാത്മിക വിദ്യകൾ ജീവികളുടെ ഹിതത്തിനായി വേദങ്ങളിലൂടെ ഈശ്വരൻ ഉപദേശിച്ചുവെന്ന് സിദ്ധിക്കുന്നു. യോഗദർശനം തുടങ്ങിയ സമസ്ത ആർഷ ശാസ്ത്രങ്ങളിലും പ്രതിപാദിച്ച യോഗവിദ്യയും വേദങ്ങളുടെ മാധ്യമത്താൽ പ്രദാനം ചെയ്തത് ഈശ്വരനാണ്.

**(തുടരും)**

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 1** — **പുരാണങ്ങൾ എന്ത്? എന്തിന്?**

### എന്താണ് പുരാണം

**അ**മരകോശത്തിന് ഭാനുജിദീക്ഷിത് എഴുതിയ ടീക പ്രകാരം പുരാണമെന്ന പദത്തിന്റെ വ്യുൽപ്പത്തി ഇപ്രകാരമാണെന്ന് പറയുന്നു.

1. പുരാണവം: പുരാതനകാലത്തോ പൂർവ്വകാലത്തോ നടന്ന സംഭവങ്ങൾ
2. പുരാനവം : പുരാതനകാലത്ത് നവമായി തോന്നുന്ന കഥകൾ എന്നുസാരം.
3. പുരാണം : പുരാണമെന്ന ശബ്ദത്തിന്റെ അർത്ഥം അതീതം അഥവാ അനാഗതം

### പുരാണവും വേദവും

പുരാണങ്ങളുടെ കർത്താക്കൾ വേദങ്ങളേക്കാൾ പ്രാചീനമാണ് പുരാണങ്ങളെന്നഭിപ്രായക്കാരാണ്. മത്സ്യപുരാണം (3.3-4) നോക്കുക.

**പുരാണം സർവ്വശാസ്ത്രാണാം പ്രഥമം ബ്രാഹ്മണാസ്മൃതം**
**നിത്യം ശബ്ദമയം പുണ്യം ശതകോടി പ്രവിസ്തരം**
**അനന്തരം ച വക്ത്രേഭ്യോ വേദാസ്തസ്യ വിനിഃ സൃതാ**

വേദങ്ങളുടെ പരിഭാഷയാണ് പുരാണങ്ങളെന്നും പറയുന്നുണ്ട്. ഇത് തന്നെ പരസ്പര വിരുദ്ധമാണ്. പുരാണങ്ങൾക്ക് ശേഷമുണ്ടായവേദങ്ങളുടെ പരിഭാഷ പുരാണങ്ങളിലെങ്ങനെ വന്നു. ഇവയുടെ വൈദിക കാഴ്ചപ്പാട് വരും അദ്ധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. പുരാണങ്ങളെക്കുറിച്ചുള്ള പ്രചരിതമായ ഏതാനും വിഷയങ്ങളാണ് ഈ അദ്ധ്യായത്തിൽ. ഇവയെക്കുറിച്ചുള്ള ഖണ്ഡന-മഖണ്ഡനങ്ങൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിശദമായി ചർച്ചചെയ്യുന്നുണ്ട്.

### പുരാണങ്ങളുടെ ലക്ഷണം

പുരാണങ്ങളുടെ പഞ്ചലക്ഷണങ്ങൾ ഇവയാണ്.

**സർഗ്ഗശ്ചപ്രതിസർഗ്ഗശ്ച വംശോ മന്വന്തരാണി ച|**
**വംശാനുചരിതം ചേത്തി പുരാണം പഞ്ചലക്ഷണമ്||**

സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരം, വംശാനുചരിതം എന്നിവയാണ് ഒരു പുരാണത്തിലുണ്ടായിരിക്കേണ്ട അഞ്ച് ഘടകങ്ങൾ

### പുരാണങ്ങളിൽ വിവരിക്കുന്ന ഭാരതവർഷം

പുരാണങ്ങളിൽ ഭൂമിശാസ്ത്രപരമായ ഒരുപാട് വിവരങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.

ഭൂമിയുടെ കേന്ദ്രമായി മേരു പർവ്വതത്തെയാണ് വിശേഷിപ്പിക്കുന്നത്. മേരുവിന്റെ ദക്ഷിണ ഭാഗത്ത് ജംബു ദ്വീപ്, കിഴക്ക് ഭദ്രാശ്വം, പടിഞ്ഞാറ് വശത്ത് കേതുഭാലം, വടക്ക് കുരു.

ഭാരതവർഷമടങ്ങുന്ന ജംബുദ്വീപാണ് തെക്കുവശത്ത്. മംഗളകാരിയായ കുതിര - ഭദ്രാശ്വം ചൈനയാണ്. കുതിരയും ചൈനയുമായ വിശേഷ ബന്ധത്തെക്കുറിച്ച് ശ്രീ.എ.എൽ.ബാഷാം തന്റെ A Cultural Histroy of India എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

ജാതവേദൻ

## പാഠം 9 ആദ്ധ്യാത്മിക വിഷയം

**ചോദ്യം 1 : അവിദ്യ എന്നാലെന്ത്?**

**ഉത്തരം** : വിപരീതമായി ധരിക്കുന്നതിനെയാണ് അവിദ്യ എന്നു പറയുന്നത്.

**ചോദ്യം 2 : അവിദ്യയുടെ ഉദാഹരണങ്ങൾ ഏതെല്ലാമാണ്?**

**ഉത്തരം** : ജഢവസ്തുവിനെ ചേതനവസ്തുവായി കാണുക. ഈശ്വരനെ അംഗീകരിക്കാതിരിക്കുക. ഇരുട്ടിൽ കാണുന്ന കയറിനെ പാമ്പായി ധരിക്കുക തുടങ്ങിയവഅവിദ്യക്കുള്ള ഉദാഹരണങ്ങളാണ്.

**ചോദ്യം 3 : ജന്മമെന്നാലെന്ത്?**

**ഉത്തരം** : ശരീരം ധരിക്കലിനെയാണ് ജന്മമെന്നു പറയുന്നത്.

**ചോദ്യം 4 : ജന്മം ആർക്കാണുണ്ടാവുന്നത്?**

**ഉത്തരം** : ആത്മാവിനാണ് ജന്മമുണ്ടാവുന്നത്.

**ചോദ്യം 5 : മൃത്യു എന്നാലെന്ത്?**

**ഉത്തരം** : ശരീരം നശിക്കുന്നതിനെയാണ് മൃത്യു എന്നുപറയുന്നത്.

**ചോദ്യം 6 : ജന്മം ഉണ്ടാവുന്നതെന്തുകൊണ്ടാണ്?**

**ഉത്തരം** :പാപ-പുണ്യ കർമ്മങ്ങളുടെ ഫലമനുഭവിക്കാനാണ് ജന്മമുണ്ടാവുന്നത്.

**ചോദ്യം 7 : ജനന-മരണത്തെ തടഞ്ഞു നിർത്താനാവുമോ?**

**ഉത്തരം** : തടഞ്ഞു നിർത്താനാവും.

**ചോദ്യം 8 : മോക്ഷം എന്നുപറയുന്നതെന്താണ്?**

**ഉത്തരം** : ജനന-മരണങ്ങളിൽ നിന്ന് മോചനം നേടലാണ് മുക്തി അഥവാ മോക്ഷം

**ചോദ്യം 9 : മുക്തി ആർക്കാണ് ലഭിക്കുന്നത്?**

**ഉത്തരം** : മുക്തി ആത്മാവിനാണ് ലഭിക്കുന്നത്.

**ചോദ്യം 10 : മുക്താവസ്ഥയിൽ ആത്മാവ് എവിടെയാണ് സ്ഥിതി ചെയ്യുന്നത്?**

**ഉത്തരം** :ഈശ്വരനിൽ ആണ് മുക്താവസ്ഥയിൽ ആത്മാവ് സ്ഥിതിചെയ്യുന്നത്.

**ചോദ്യം 11 : മുക്താവസ്ഥയിൽ ആത്മാവ് ഈശ്വരനിൽ ലയിക്കുമോ?**

**ഉത്തരം** : ഇല്ല.

**(തുടരും)**

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം -5*



**പ**ത്തുപതിനെട്ടു വയസ്സുവരെ താനങ്ങനെ ഒറ്റപ്പെട്ടുവളർന്നു. എന്തെന്നറിയില്ല. അച്ഛൻമരിക്കുന്നതിന്റെ മണിക്കൂറുകൾക്ക് മുന്നേ തലയിൽ കൈവച്ചനുഗ്രഹിച്ച് "ദൈവാനുഗ്രഹമുണ്ടാവട്ടെ, കുഞ്ചു ! നീ നന്നായിവരും എന്നുപറഞ്ഞനുഗ്രഹിച്ചതിന്റെ ഫലമായിരിക്കാം ഇരിക്കാൻ പുരയും ഉണ്ണാൻ അന്നവുമില്ലാതെ വന്നിട്ടില്ലെന്നു മാത്രം. അത് ജന്മാന്തര സുകൃതമോ ഒരനുഗ്രഹമോ എന്നറിയില്ല"

ബോഗിയിലെ കയറ്റിറക്കുതിരക്കും ബഹളവും പാച്ചനെ സ്വപ്നാവസ്ഥയിൽ നിന്ന് ജാഗ്രതാവസ്ഥയിലേക്ക് നയിച്ചു. പാച്ചൻ ഞെട്ടലോടെ കണ്ണുതുറന്നു. കൈകാലുകൾ മൂരിയെഴുന്നേറ്റ് കോട്ടുവായിട്ട് നേരെയിരുന്നു. താൻ സഞ്ചരിച്ചിരുന്ന സ്വപ്നലോകത്തുനിന്ന് പെട്ടെന്ന് താഴെയുള്ള ഒരു പുതിയ ലോകത്തേക്ക് വന്നതുപോലെ അയാളൊന്നമ്പരന്നു. കണ്ണുകൾ തിരുമ്മി നാലുപാടുമൊന്ന് കണ്ണോടിച്ചു. ബഹിരാകാശ ഗവേഷകൻ പെട്ടെന്നു ഭൂമിയിലേക്കിറങ്ങിവന്ന പോലെ അയാൾ ജനലിൽ കൂടെ ചുറ്റുമൊന്ന് പരതി നോക്കി. കല്യാൺസ്റ്റേഷനിലെത്തിയിരിക്കുന്നു വണ്ടി . ജനനിബിഡവും ശബ്ദമാലിന്യാവൃതവുമായ അന്തരീക്ഷം. പടിഞ്ഞറ് ചക്രവാളഭിത്തിയോടു ചേർന്ന് കുട - ചാമര - ആലവട്ടാദി പിടിച്ചും വീശിയും പ്രശോഭിക്കുന്ന ആനപ്പുറംകാരെ ചുമക്കുന്ന ആനകളെന്നപോലെ സാഭിമാനം തലയുയർത്തി നിൽക്കുന്ന കൊടുമുടി നിരയാർന്ന നിബിഡ നീലവനത്താൽ കറുപ്പാർന്ന ഐരാവതസമാനമായ നിരകൾ കാണുമ്പോൾ ആറാട്ടുപുഴയാണോർമ്മവരുന്നത്. മദഗജമസ്തകത്തിൽ നിന്നൊഴുകിയ മദപ്പാടുപോലെ ചെമ്മൺകലർന്ന മലനീരൊലിച്ച പാടുകൾ കാണാം അങ്ങിങ്ങയി കിഴക്കൻ ചക്രവാളത്തിൽ സൃഷ്ടിയജ്ഞാരംഭ വേദികമായ ഉഷസ്സന്ധ്യാദേവി മന്ദം പൊങ്ങിവന്ന് ഉദയാചലത്തിൽ ശാശ്വതശാന്തി പ്രതീകമായ കാവിക്കൊടി പാറിച്ച് ലോകത്തെ തന്നിലേക്ക് മാടിവിളിക്കുന്നു.

ത്രേതായുഗം മുതൽ തുടങ്ങിവെച്ച വൈദേശികാക്രമണങ്ങളാൽ തളർന്ന് പക്ഷപാതരോഗിതുല്യം ജീവച്ഛവമായ സനാതന - വൈദികാർഷ സംസ്കാരത്തിന്റെ പുനരുദ്ധാരകനായി അവതരിച്ച ശിവജി മഹാരാജാവിന്റെയും നാനാസാഹിബ്, താന്ത്യാതോപ്പെ, റാണി ലക്ഷ്മി ബായ് മുതലായ സ്വാതന്ത്ര്യ പോരാളികളുടേയും ബാലഗംഗാധര തിലകൻ, ഡോ.ഹെഡ്ഗേവർ , വീര സവർക്കർ മുതലായ ദേശസ്നേഹികളായ ബലിദാനികളുടേയും മറ്റും സ്വാതന്ത്ര്യോച്ഛ്വാസവായുവിൽ ആടിപ്പാടുന്ന പ്രകൃത്യാനുഗൃഹീത ഭൂപ്രദേശം കണ്ടാസ്വാദിക്കാൻ നേരമില്ല. വണ്ടിപുറപ്പെടേണ്ട മണിമുഴങ്ങി. ആരേയും വകവയ്ക്കാത്തതും കൃത്യനിഷ്ഠ പാലിക്കാത്തതുമായ തീവണ്ടി സ്ഥലം വിട്ടു.

വിക്ടോറിയ ടെർമിനലിലേക്കാണ് ടിക്കറ്റ് എടുത്തിരുന്നതെങ്കിലും പുറംനാട്ടുകരയിൽനിന്നും പോരുമ്പോൾ വാര്യരുപദ്ദേശിച്ച പ്രകാരം മാട്ടുംഗ സ്റ്റേഷനിൽ പാച്ചനിറങ്ങി. ടിക്കറ്റ്, പരിശോധകന് കൊടുത്ത് പുറത്തുകടന്നു. രഘുവിന്റെ അഡ്രസ്സെടുത്ത് പരിശോധിച്ചു "പി.വി. രഘു, പെരൽ, കൃഷ്ണാ ബിൽഡിംഗ്സ് , റൂം നമ്പർ - 8" അതു പോക്കറ്റിലിട്ട് നടന്നു.

**(തുടരും)**

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***